**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1656 — 11.02.2013 – ൽ മറുപടിയ്ക്ക്

## കുട്ടനാട് പാക്കേജ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിന്റെ പുരോഗതി വിശദമാക്കുമോ; ഈ പദ്ധതിക്കുവേണ്ടി വിവിധയിനങ്ങളിൽ ഇതിനോടകം ചെലവിട്ട തുക എത്രയാണെന്ന് വിശദമാക്കുമോ; | (എ) 2008 ജൂലൈ 24 നാണ് കുട്ടനാട് പാക്കേജിന് കേന്ദ്ര സർക്കാർ അനുമതി നൽകിയത്. പ്രൊ. എം. എസ്. സ്വാമിനാഥൻ സമർപ്പിച്ച 1840 കോടി രൂപയുടെ റിപ്പോർട്ട് അടിസ്ഥാനപ്പെടുത്തിയാണ് അനുമതി നൽകിയത്. കുട്ടനാട് പാക്കേജിനായി പ്രത്യേക ബഡ്ജറ്റ് ശീർഷകമില്ല. വിവിധ വകുപ്പുകൾ അവയുടെ തുടർ പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് പാക്കേജിൽ പ്രതിപാദിച്ചിട്ടുള്ള വിവിധ പ്രവർത്തികൾ നടപ്പിലാക്കി വരുന്നത്. പാക്കേജിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനായി 3 ഉന്നത തല കമ്മിറ്റികൾ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ പ്രോസ്പിരിറ്റി കൗൺസിൽ, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കോ ഓർഡിനേഷൻ കമ്മിറ്റി, കാർഷിക ഉൽപാദന കമ്മീഷണർ അദ്ധ്യക്ഷനായ ടാസ്ക് ഇംപ്ലിമെന്റേഷൻ കമ്മിറ്റി എന്നിവയാണ് ടി കമ്മിറ്റികൾ. ഇവ കൂടാതെ ജില്ലാകളക്ടർ (ആലപ്പുഴ, കോട്ടയം, പത്തനംതിട്ട) അദ്ധ്യക്ഷനായി ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റികൾ പാക്കേജിൻ കീഴിലുള്ള പ്രവർത്തികളുടെ പുരോഗതി വിലയിരുത്തി വരുന്നു.<br>പാക്കേജിന്റെ കീഴിൽ നടപ്പിലാക്കുന്ന വിവിധ പ്രവർത്തികളുടെ സുതാര്യത ഉറപ്പുവരുന്നതിനായി www.kuttanadpackage.in എന്ന ഔദ്യോഗിക വെബ്സൈറ്റും രൂപീകരിച്ചിട്ടുണ്ട്. |

നാളിതു വരെ പാക്കേജിൻ കീഴിൽ 4207.34 കോടി രൂപയുടെ ഡി.പി. ആർ കൾ സമർപ്പിക്കുകയും ആയതിൽ 1266.68 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടി തുകയിൽ നാളിതു വരെ 231.37 കോടി രൂപാ റിലീസ് ചെയ്തിട്ടുള്ളതും 141.53 കോടി രൂപ ചെലവഴിച്ചിട്ടുമുണ്ട്. വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ അവസ്ഥ അനുബന്ധമായി ചേർക്കുന്നു.

| | | | |
|---|---|---|---|
| (ബി) | കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിനു വേണ്ടി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഫണ്ട് വിഹിതം എത്ര വീതമാണെന്ന് വിശദമാക്കുമോ; | (ബി) | 50 ലക്ഷം രൂപയ്ക്ക് മേലുള്ള പദ്ധതികൾക്ക് സംസ്ഥാന സർക്കാർ വിശദമായ പദ്ധതി റിപ്പോർട്ട് വിവിധ കേന്ദ്ര സ്കീമുകളിൽ ഉൾപ്പെടുത്തി അവയുടെ ഫണ്ടിംഗ് മാനദണ്ഡങ്ങൾക്കനുസൃതമായി തയ്യാറാക്കി കേന്ദ്ര അനുമതിക്കായി ഇതിനകം സമർപ്പിച്ചുണ്ട്. 50 ലക്ഷം രൂപയ്ക്ക് താഴെയുള്ള പദ്ധതികൾക്കുള്ള ചെലവ് സംസ്ഥാന സർക്കാരാണ് വഹിച്ചിട്ടുള്ളത്. ജലസേചന വകുപ്പിന്റെ പദ്ധതികൾ ഫ്ളഡ് മാനേജ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി 75 : 25 എന്ന ക്രമത്തിൽ കേന്ദ്ര സംസ്ഥാന സർക്കാർ യഥാക്രമം ഫണ്ട് അനുവദിച്ചിട്ടുണ്ട്. |
| (സി) | കുട്ടനാട് പാക്കേജിന്റെ ഭാഗമായി ജലസ്രോതസ്സുകൾ സംരക്ഷിക്കുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇതിനുവേണ്ടി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി എന്നും, എത്ര തുക ഇതിനുവേണ്ടി ചെലവഴിച്ചുവെന്നും വിശദമാക്കുമോ; | (സി) & (ഡി) | കുട്ടനാട് പാക്കേജിന്റെ ഭാഗമായി ജലസ്ത്രോതസ്സുകൾ സംരക്ഷിക്കുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇറിഗേഷൻ വകുപ്പു മുഖേന നടപ്പിലാക്കുന്ന 248.39 കോടി രൂപയുടെ ജലസ്ത്രോതസ്സുകളുടെ പുനരുജ്ജീവനത്തിനുള്ള ഓണാട്ടുകര പദ്ധതിക്ക് 18/8/2011 ൽ കേന്ദ്ര സാങ്കേതിക അനുമതി കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇവയുടെ ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു.12 വാട്ടർ ഷെഡുകളുടെ വർക്കുകളാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അതിൽ 5 വർക്ക് ടെൻഡർ ചെയ്തു .<br><br>കുട്ടനാട് പാക്കേജിന്റെ 13-ാം ധനകാര്യ കമ്മീഷൻ ഫണ്ടിൻ കീഴിൽ മണ്ണ് സംരക്ഷണ വകുപ്പു മുഖേന കുട്ടനാട് മേഖലയുടെ പുനരുജ്ജീവനത്തിനുള്ള 15.25 കോടി |
| (ഡി) | പൊതു ജലാശയങ്ങളും, പൊതു കുളങ്ങളും സംരക്ഷിക്കുവാൻ ഇതിൽ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ എത്രമാത്രം നടപ്പിലാക്കി എന്ന് പറയുമോ? | | |

രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൻ കീഴിൽ 170 കുളങ്ങളുടെ പുനരുദ്ധാരണം, തുറന്ന കിണറുകളിൽ well curbing, parapet നിർമ്മാണം തുടങ്ങിയ പ്രവർത്തികൾ ഉൾപ്പെടുന്നു. നാളിതു വരെ ടി പദ്ധതിയിൻ കീഴിൽ 20 കുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. 238 കിണറുകളിൽ well curbing, 16 കിണറുകളിൽ parapet നിർമ്മാണം തുടങ്ങിയവ പൂർത്തീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം [illegible] ലഭ്യമാണ്